# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -226 08.06.2015 ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ കുബേര

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേര പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ടുള്ള നടപടികൾ ഇപ്പോഴും തുടർന്നു വരുന്നു. പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾ പ്രകാരവും രഹസ്യ വിവരങ്ങൾ അനുസരിച്ചും അമിത പലിശക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഓപ്പറേഷൻ കുബേര മുഖേന എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) സംസ്ഥാനത്ത് അനധികൃത പണമിടപാട് സ്ഥാപനങ്ങൾ, അമിതപലിശ ഈടാക്കുന്നവർ, ബ്ലേഡ് മാഫിയ തുടങ്ങിയ നിയമാനുസരണമല്ലാത്ത പണമിടപാട് നടത്തുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയുടെ ചൂഷണങ്ങളിൽ നിന്ന് പൊതുജനങ്ങളെ രക്ഷിക്കുന്നതിനും ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ ഇല്ലാതാക്കുന്നതിനും ലക്ഷ്യമിടുന്നു. |
| (സി) അനധികൃത പണമിടപാട് സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) അനധികൃത പണമിടപാട് നടത്തുന്നവർക്കും സ്ഥാപനങ്ങൾക്കുമെതിരെ റെയ്ഡുകൾ നടത്തി, ബ്ലാങ്ക് ചെക്കുകളും, മുദ്രപ്പത്രങ്ങളും, പ്രമാണങ്ങളും, അനധികൃതമായി സൂക്ഷിച്ചിരിക്കുന്ന പണവും കണ്ടെത്തി കോടതി മുമ്പാകെ ഹാജരാക്കി നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. നിയമവിധേയമല്ലാതെ പ്രവർത്തിക്കുന്ന, ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും ലൈസൻസും റദ്ദ് ചെയ്യുവാൻ വേണ്ട മേൽനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ഡി) ഓപ്പറേഷൻ കുബേര പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (ഡി) ജനമൈത്രി സംവിധാനം പ്രയോജനപ്പെടുത്തി പൊതുജനങ്ങളെ ബോധവൽക്കരിച്ചും അനധികൃത പണമിടപാട് നടത്തുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തും റെയിഡുകൾ നടത്തിയും പ്രതികളെ അറസ്റ്റ് ചെയ്തും, അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ